പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2439 — 19.07.2016 ൽ മറുപടിക്ക്

## ദേശീയപാതയിലെ ഗ്യാസ് ടാങ്കർ അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയിലുണ്ടാകുന്ന ഗ്യാസ് ടാങ്കർ അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2010 ജനുവരി മുതൽ 2016 മാർച്ച് 31 വരെ സംസ്ഥാനത്ത് എത്ര ഗ്യാസ് ടാങ്കറുകൾ അപകടത്തിൽപെട്ടിട്ടുണ്ടെന്നും എത്ര മരണങ്ങൾ നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) ഉണ്ട്. 2010 ജനുവരി മുതൽ 2016 മാർച്ച് 31 വരെ സംസ്ഥാനത്ത് 140 ഗ്യാസ് ടാങ്കറുകൾ അപകടത്തിൽപ്പെടുകയും അതിൽ 81 പേർ മരണമടയുകയും ചെയ്തിട്ടുണ്ട്. |
| (ബി) കേരളത്തിലെ റോഡിലൂടെ ഓടുന്ന ഗ്യാസ് ടാങ്കറുകളുടെ ഫിറ്റ്നസ് മുതലായവ കേരള മോട്ടോർ വാഹന വകുപ്പ് പരിശോധിക്കാറുണ്ടോ; എത്ര വാഹനങ്ങൾ ഫിറ്റ്നസ് പരിശോധനയിൽ പരാജയപ്പെട്ടിട്ടുണ്ടെന്നും അവയുടെ കേരളത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) ഉണ്ട്. 10 ടാങ്കറുകൾ ഫിറ്റ് നസിൽ ആദ്യം പരാജയപ്പെട്ടെങ്കിലും 9 എണ്ണവും കുറവുകൾ പരിഹരിച്ച് ഫിറ്റ് നസ് നേടിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഒരു വാഹനത്തിന്റെ പോരായ്മകൾ പരിഹരിച്ച് വീണ്ടും ഹാജരാക്കുവാൻ വാഹന ഉടമയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിറ്റ് നസ് ഇല്ലാത്ത വാഹനങ്ങൾ ഗതാഗതം നടത്തുവാൻ അനുവദിക്കാറില്ല. |
| (സി) ഗ്യാസ് ടാങ്കറുകളുടെയും അവ കൊണ്ടുപോകുന്ന വാഹനങ്ങളുടെയും സുരക്ഷയും ജനങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) തിരക്കേറിയ സമയങ്ങളിൽ നഗരത്തിൽ ടാങ്കർ ലോറിക്ക് പ്രത്യേക സമയപരിധി ക്രമീകരിച്ചും ടാങ്കർ ഡ്രൈവർമാർക്കും പോലീസ് ഉൾപ്പെടെയുള്ള ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും അമിത വേഗതയിലും അശ്രദ്ധമായും വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചും വരുന്നു. പെട്രോളിയം ഉല്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ വാഹനങ്ങളിൽ നിയമാനുസരണമുള്ള ലൈസൻസ് ഉള്ള 2 ഡ്രൈവർമാരുണ്ടോ എന്നും വാഹനത്തിന് എക്സ്പ്ലോസീവ് ലൈസൻസ് ഉണ്ടോയെന്നും സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ